**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 524** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>റൈസ് പാർക്കുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച റൈസ് പാർക്കുകളിൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച റൈസ് പാർക്കുകളിൽ, പാലക്കാട്, ആലപ്പുഴയിലെ ചെങ്ങന്നൂർ എന്നിവിടങ്ങളിലെ റൈസ് പാർക്കുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**(ബി)** ചെങ്ങന്നൂരിൽ ആരംഭിച്ച റൈസ് പാർക്ക് നിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണം എന്താണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** ചെങ്ങന്നൂരിലെ റൈസ് പാർക്കിനായി 66.05 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കാതിരുന്നതും ട്രഷറി നിയന്ത്രണങ്ങളുമാണ് നിർമ്മാണം മന്ദഗതിയാലായതിനുള്ള കാരണങ്ങൾ.

**(സി)** പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ സംയോജിത റൈസ് ടെക്നോളജി പാർക്ക് പൂർത്തീകരിക്കുന്നതിനായി 19.84 കോടി രൂപ കേരള റൈസ് ലിമിറ്റഡിന് വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**